(എഫ്)1. ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ
2. ഇൻഫർമേഷൻ ടെക്നോളജി
3. കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ്
4. മെക്കാനിക്കൽ/മെക്കാനിക്കൽ എഞ്ചിനീയറിംഗ് (ആട്ടോ മൊബൈൽ)
5. ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്
6. കെമിക്കൽ എഞ്ചിനീയറിംഗ്
7. അപ്ലൈഡ് ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ
8. ആർക്കിടെക്ചർ തുടങ്ങിയ കോഴ്സുകൾ.

(ജി) എ.ഐ.ബി.ടി.ഇ.യുടെ അംഗീകാരത്തിനു വിധേയമായി ഓരോ ബ്രാഞ്ചിലും 60 വിദ്യാർത്ഥികൾക്കുവീതം പ്രവേശനം നൽകാനാണ് ഉദ്ദേശിക്കുന്നത്.

51 (195) സംസ്ഥാനത്തെ സ്വാശ്രയ കോളേജുകൾ

<u>ശ്രീ. കെ. നാരായണക്കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്വാശ്രയ കോളേജുകളുണ്ട്; അവയിൽ ഏതൊക്കെ കോഴ്സുകളാണ് നടത്തുന്നത്;

(ബി) പ്രസ്തുത കോഴ്സുകളിലേയ്ക്ക് പ്രവേശനം ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വിവിധ സർവ്വകലാശാലകളോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഏഴ് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളും കേരള, എം.ജി. സർവ്വകലാശാലകളുടെ കീഴിൽ പതിമൂന്ന് സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളും (8+5). പതിനേഴ് ട്രെയിനിംഗ് കോളേജുകളിലും എം.ജി. സർവ്വകലാശാലയുടെ കീഴിൽ 12 ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകളും ഐ. എച്ച്.ആർ.ഡി.യുടെ കീഴിൽ മാവേലിക്കര, അടൂർ എന്നിവിടങ്ങളിൽ രണ്ട് കോളേജ് ഓഫ് അപ്ലൈഡ് സയൻസും കൊല്ലം ടി.കെ.എം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റും സ്വാശ്രയാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു. (ഈ സ്ഥാപനങ്ങളിലെ കോഴ്സുകളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.)† കാലിക്കട്ട്, കണ്ണൂർ സർവ്വകലാശാലകളുടെ വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്ക് പ്രവേശനം പൊതു പ്രവേശന പരീക്ഷയുടെ പ്രോസ്പെക്ടസിന്റെ അടിസ്ഥാനത്തിലും (എൻ. ആർ.ഐ. സീറ്റുകളും എം.ഇ.എസ്. എഞ്ചിനീയറിംഗ് കോളേജിലെ മൈനോറിറ്റി സീറ്റുകളും ഒഴികെ) മറ്റ് കോഴ്സുകൾക്ക് 50% സീറ്റുകൾ നിലവിലുള്ള സംവരണ നിയമങ്ങളും, സർവ്വകലാശാല നിയമങ്ങളും അനുസരിച്ച് മെരിറ്റടിസ്ഥാനത്തിലും ബാക്കിയുള്ള 50% സീറ്റുകളിൽ എഡ്യൂക്കേഷണൽ ഏജൻസികളുമാണ് പ്രവേശനം നൽകുന്നത്.

---

† അനുബന്ധം - V

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - V

22.6.1999-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യനമ്പർ 51 (195) ദയവായി കാണുക.

I. സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ കോഴ്സുകൾ

മെക്കാനിക്കൽ എഞ്ചിനീയറിംഗ്

ഇലക്ട്രോണിക്സ് കമ്മ്യൂണിക്കേഷൻ

കമ്പ്യൂട്ടർ സയൻസ്

ഇലക്ട്രോണിക്സ്

ബയോമെഡിക്കൽ എഞ്ചിനീയറിംഗ്

മെക്കാനിക്കൽ (ഓട്ടോ മൊബൈൽ)

മെക്കാനിക്കൽ (പ്രൊഡക്ഷൻ)

ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്

അപ്ലൈഡ് ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ - തുടങ്ങിയ വിഷയങ്ങളിലുള്ള ബി.ടെക് കോഴ്സുകൾ.

II. സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകൾ

1. ബി.എസ് സി. ഇലക്ട്രോണിക്സ്
2. ബി.എസ് സി. കമ്പ്യൂട്ടർ സയൻസ്
3. ബി.എസ് സി. പോളിമർ കെമിസ്ട്രി
4. ബി.കോം
5. ബി.ബി.എ., ബി.സി.എ.
6. ബി.എസ്.സി. (മാത്സ്)

III. സ്വാശ്രയ ട്രെയിനിംഗ് കോളേജുകൾ

വിവിധ വിഷയങ്ങളിൽ ബി.എഡ്. ഡിഗ്രി കോഴ്സ്

IV. കൊല്ലം ടി.കെ.എം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ്

എം.ബി.എ.

അനുബന്ധം VI

22.6.1999-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 74 (218) ദയവായി കാണുക.

List of ODRs declared for Major District Roads (MDRs)

DISTRICT : THIRUVANANTHAPURAM

Sl.No.	Name of Road	Length of Road (km)
1.	Amaravila Ottasekharamangalam Road	12.400
2.	Neyyattinkara Moolaikonam Road	7.200
3.	Avanakuzhi Ambalam Road	2.000
4.	Mampazhakara Road	4.200
5.	Perumpazhuthoor Aruvippuram Road	2.200
6.	Chempoor Road	10.400

LIBRARY ARCHIVES Kerala Legislative Assembly